"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കാസറഗോഡ് ജില്ലാപഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ താൽക്കാലികാടിസ്ഥാനത്തിലുള്ള നിയമനം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1414/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/07/2021

---

പരാമർശം:- 1. കാസറഗോഡ് ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 14.02.2020 ലെ 5(4)/20 -ാം നമ്പർ തീരുമാനം.

2. കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 25.02.2021 ലെ സി1-2221/19 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കാസറഗോഡ് ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ സൂചന (1) ഭരണ സമിതി തീരുമാന പ്രകാരം ഒരാളെ നിയമിച്ചിട്ടുണ്ടെന്നും സ്ഥിരം നിയമനം നൽകുന്നത് വരെ താൽക്കാലിക ജീവനക്കാരനെ തുടരാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സൂചന (1) ഭരണ സമിതി തീരുമാനം പ്രകാരം 01.10.2019 ൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിതനായ ശ്രീ.ഹനസ്.കെ.എ യ്ക്ക് 01.01.2020 മുതൽ 90 ദിവസത്തേയ്ക്കും 01.04.2020 മുതൽ 90 ദിവസത്തേക്കും കൂടി പ്രസ്തുത തസ്തികയിൽ തുടരാൻ അനുമതി നൽകിയിരുന്നു. 18.06.2020 ന് ആരോഗ്യ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീമതി.റഫ്സിയ.ടിപി യെ അന്യത്ര സേവന കാലവ്യവസ്ഥയിൽ നിയമനം നൽകിയപ്പോൾ ടിയാന്റെ സേവനം അവസാനിപ്പിച്ചിട്ടുണ്ട്.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കാസറഗോഡ് ജില്ലാ പഞ്ചായത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ 01.10.2019 മുതൽ 17.06.2020 വരെ നിയമിച്ചത് 9 2 ദിവസം അധികരിച്ചു. ടിയാന്റെ സേവനം അത്യാന്താപേക്ഷിതമാണെന്നും അറിയിച്ചിട്ടുള്ളതിനാലും, അന്യത്ര സേവന കാലവ്യവസ്ഥയിൽ നിയമനം നൽകിയപ്പോൾ ടിയാന്റെ സേവനം അവസാനിപ്പിച്ചിട്ടുണ്ടെന്നതും കണക്കിലെടുത്ത് പ്രസ്തുത നിയമനനടപടി സാധൂകരിച്ച കൊണ്ട്

ഉത്തരവ് പുറപ്പെടുവിക്കുന്നു. മേലിൽ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുമ്പോഴും, സേവന കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോഴും സർക്കാർ തലത്തിൽ അനുമതി ലഭ്യമാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കാസറഗോഡ്

ധന കാര്യ വകുപ്പ്( 07.01.2021 ലെ ധെവ-1/270/20/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (33/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ